

നിലാവെട്ടം
S.J.H.S. Vellayamkudy
2025-26

# ആമുഖം: അറിവിന്റെ നിലാവെട്ടം

പ്രിയപ്പെട്ട സുഹൃത്തുക്കളേ, അധ്യാപകരേ,

അക്ഷരങ്ങൾ വെളിച്ചമായി മാറുന്ന ഒരു പുത്തൻ ലോകത്തേക്ക് എല്ലാവർക്കും സ്വാഗതം. സെന്റ് ജെറോംസ് ഹൈസ്കൂൾ വെള്ളയാംകുടിയുടെ സർഗ്ഗാത്മകമായ ചുവടുവെപ്പായി 'നിലാവെട്ടം' എന്ന ഈ ഡിജിറ്റൽമാഗസിൻ നിങ്ങളുടെ മുന്നിലെത്തുകയാണ്.

ഇരുളിൽവെളിച്ചം പകരുന്ന നിലാവുപോലെ, നമ്മുടെ വിദ്യാർത്ഥികളുടെ ഉള്ളിലെ കഴിവുകളെ പുറംലോകത്തിന് മുന്നിൽപ്രകാശിപ്പിക്കുക എന്നതാണ് ഈ മാഗസിന്റെ ലക്ഷ്യം. ഇവിടെ കഥകളും കവിതകളും ചിത്രങ്ങളും വെറും വരികളല്ല, മറിച്ച് നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങളുടെ തിളക്കമാണ്.

ഡിജിറ്റൽയുഗത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ ഈ മാഗസിൻ വായനയുടെ പുതിയൊരു അനുഭവം നിങ്ങൾക്ക് സമ്മാനിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇതിന് പിന്നിൽപ്രവർത്തിച്ച എല്ലാ കൊച്ചു കലാകാരന്മാർക്കും പ്രോത്സാഹനം നൽകിയ അധ്യാപകർക്കും നന്ദി അറിയിക്കുന്നു.

ഈ നിലാവെട്ടം നമ്മുടെ മനസ്സുകളിൽഅറിവിന്റെ പ്രകാശം നിറയ്ക്കട്ടെ!

സ്നേഹത്തോടെ,എഡിറ്റോറിയൽബോർഡ്, SJHS വെള്ളയാംകുടി.

# പിന്നണിയിൽ........

Albitto Shims

Milan K Tom

Evelin Saji

Abinav Krishna

# ആശംസകൾ

പ്രിയപ്പെട്ട വിദ്യാർത്ഥികളേ, സഹപ്രവർത്തകരേ,

സെന്റ് ജെറോംസ് ഹൈസ്കൂൾ വെള്ളയാംകുടിയിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക കഴിവുകൾ കോർത്തിണക്കിക്കൊണ്ട് 'നിലാവെട്ടം' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറങ്ങുന്നു എന്നറിയുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്.

പഠനത്തോടൊപ്പം തന്നെ കലയും സാഹിത്യവും ഒരു വിദ്യാർത്ഥിയുടെ വ്യക്തിത്വ വികാസത്തിന് അത്യന്താപേക്ഷിതമാണ്. പുസ്തകത്താളുകളിൽ ഒതുങ്ങേണ്ടതല്ല നമ്മുടെ ചിന്തകൾ; അവ ലോകത്തിന് മുൻപിൽ പ്രകാശിക്കാനുള്ളവയാണ്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഇത്തരമൊരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ മുന്നോട്ടുവന്ന വിദ്യാർത്ഥികളെയും അധ്യാപകരെയും ഞാൻ അഭിനന്ദിക്കുന്നു.

പേര് സൂചിപ്പിക്കുന്നത് പോലെ തന്നെ നമ്മുടെ വിദ്യാലയത്തിലെ കുരുന്നുകളുടെ ചിന്തകൾ അറിവിന്റെ വെളിച്ചമായി വായനക്കാരിലേക്ക് എത്തട്ടെ. ഈ നിലാവെട്ടം നമ്മുടെ സ്കൂളിന്റെ യശസ്സ് ഉയർത്തുന്ന ഒരു മികച്ച സംരംഭമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവിധ വിജയങ്ങളും നേരുന്നു.

സ്നേഹത്തോടെ,

വിൻസി സെബാസ്റ്റിൻ

ഹെഡ്മിസ്ട്രസ് SJHS വെള്ളയാംകുടി

# ഉള്ളടക്കം


1.മഴ......6

2.ചെറിയ തൂവൽ......7

3.ഏകാന്തതയുടെ വേദന......8

4.മഹത് വചനങ്ങൾ......9

5.ചക്കരമക്കളെ......10

6.പുഴ......11

7.പഴംഞ്ചോല്ലുകൾ......12

8.അമ്മ......13

9.യാത്ര വിവരണം......14

10.കുമാരനാശൻ......15

11.ഞണ്ടിന്റെയും തിരമാലയുടെയും സൗഹൃദം......16

12.പെൺക്കുട്ടിയും അവളുടെ വിശ്വസ്ത പൂച്ചക്കുട്ടിയും......17

13.സൗഹൃദം......18

14.THE VALUE OF MONEY......19

15.A SMALL STORY WILL CHANGE YOUR LIFE......20

16.കാതലായ ചിറകുകൾ......21

17.അയാൾ തിരയുന്നു......22

18.കുരങ്ങന്റെ ഹൃദയം......23

19.മഹത് വചനങ്ങൾ......24

20.അഗ്നി കുറുക്കുന്നു വഴി......25

21.ജീവിത സാക്ഷി......26

22.THE FOUR TREES......27

23.THOUGHT OF THE DAY......28

24.QUICK ANIMAL FACT......29

# മഴ

മഴപെയ്തു നനയുന്ന
പടത്തിലൂടെ
അന്നു നാം കളിച്ചു
നടന്നതോർക്കുന്നില്ലേ
മവപെയ്തു നിറഞ്ഞ
പുഴയുടെ കരയിൽ
നീയെന്നെ കാത്ത് നിന്നില്ലേ
ഈ മഴക്കാലം നിന്റെ വരവിനായ്
കാത്തിരിക്കുന്നു ഞാൻ ഇന്ന്

ALONA S MATHEW

9C



# ചെറിയ ളുവൽ

ഗ്രാമത്തിലെ പുഴക്കരയിൽ ഒറ്റക്ക് കഴിയുന്ന വയോധികനായ ഒരാളാണ് വാസു ചേട്ടൻ . ഭാര്യ മരിച്ചിട്ടു 10 വർഷമായി . കുട്ടികളൊന്നുമില്ല . ഓരോ ദിവസവും പുഴത്തീരത്ത് ഇരുന്ന് ആകാശത്തെയും കിളികളെയും നോക്കുക എന്നതാണ് അയാളുടെ ശീലം .

ഒരു ദിവസം സമീപത്തെ സ്കൂളിൽ പഠിക്കുന്ന ഒരു പെൺകുട്ടി അനഘ, അവനോടു ചോദിച്ചു . ചേട്ടാ നിങ്ങൾ ഒറ്റക്ക് എല്ലാം  എങ്ങനെ സഹിക്കുന്നു . വാസു ചേട്ടൻ ചിരിച്ചുകൊണ്ടു പറഞ്ഞു  എനിക്ക് മനസ്സിലുണ്ട് ഞാൻ ഒറ്റ ആയിട്ടല്ല , പ്രകൃതിക്കും എന്റെ കൂടെ നിൽക്കുന്ന സ്നേഹങ്ങൾക്കും വേണ്ടിയാമ് ഞാന കഴിയുന്നത് . അവൾ അതുകേട്ട് തിരിച്ചു പോവുകയും അതിന്റെ പിറകെ ദിവസേന അവൾ വാസുചേട്ടന് പാവയ്ക്കാക്കറി കൊണ്ടുവരും .

ഒരു ദിവസം വാസുചേട്ടൻ അവളോട് പറഞ്ഞു നിനക്കറിയാമോ നീ തന്നത് ഭക്ഷണമല്ല എനിക്ക് നഷ്ടമായ മനുഷ്യത്വം വീണ്ടെടുത്തു .

അന്ന് അവൾ അയാളെ ചുംബിച്ചു ചേർത്തു പിടിച്ചു .



NAIJIL SHELJI

9D

# ഏകാന്തതയുടെ വേദന

രാത്രിയുടെ യാമത്തിൽ നിലാവിനെയും നോക്കി ഇരിക്കുകയായിരുന്നു അവൾ . ഇനി എന്തു ചെയ്യണം എന്ന് അറിയില്ല . അച്ഛന്റെ തിരോദ്ധാനം അവളെ വളരെ അധികം വേദന പെടുത്തി . ഇനി ഒറ്റക്കാണ് അവളും അമ്മയും . വീട്ടിലെ കഷ്ടപ്പാടുകൾഒന്നും അറിയിക്കാതെയാണ് അച്ഛൻ അവരെ വളർത്തിയിരുന്നത് . പഠനത്തിൽ വളരെ മുൻപിലായിരുന്നു അവൾ പക്ഷേ അച്ഛന്റെ മരണവാർത്ത കേട്ടതോടെ തളർന്നു . അമ്മ കിടപ്പിലാണ് ജോലി ചെയ്യാൻ സാധിക്കില്ല ……. കുടുംബഭാരം തലയിൽ വന്നതോടെ അവൾ പഠനം നിർത്താൻ തീരുമാനിച്ചു .

അവരുടെ കഷ്ടപ്പാട് മനസ്സിലാക്കിയ അയഠവാസി അവൾക്ക് ഒരു ജോലി നൽകി . ജോലിചെയ്ത് കിട്ടുന്ന പണം കൊണ്ട് അവൾ വീട് നോക്കി . പതിയെ പതിയെ അമ്മയ്ക്ക് തീർത്തും വയ്യാതായി.

മോളേ ……….ഈ അമ്മക്ക് തീരെ വയ്യ മോളുടെ അച്ഛൻ മരിക്കുന്നതിന് മുമ്പ് ഒരു കാര്യം പറഞ്ഞിരുന്നു

ഇടറിയ ശബ്ദത്തോടെ അമ്മ  പറഞ്ഞു.

എന്താ അമ്മേ നമ്മുടെ മോൾ പഠിച്ച് വലുതായി ഒരു നല്ല  ഉദ്യോഗസ്ഥയാകണം . ഇതായിരുന്നു അദ്ദേഹത്തിന്റെ അവസാന വാക്ക് .

മോൾ വീണ്ടും പഠിക്കാൻ പോകണം അതിനുള്ള പണം മോളുടെ പേരിൽ അച്ഛൻ ബാങ്കിൽ ഇട്ടിട്ടുണ്ട് .

വെകിയാണെങ്കിലും ഞാൻ ആ സത്യം മനസ്സിലാക്കി . ഓന്ന് നല്ലപോലെ അനങ്ങാൻ പോലും ഈ അമ്മയ്ക്ക് പറ്റില്ല . ഇനി അധികകാലമൊന്നു  ഞാൻ ജീവിക്കില്ല

ഇതു പറഞ്ഞ അമ്മയുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ തുള്ളികൾ പതിക്കാൻ തുടങ്ങി . പതിയെ ആ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു

അവൾ വളരെ അധികം ഒറ്റപ്പെട്ടപോലെ അവൾക്ക് തോന്നി . എങ്കിലും ജീവിതത്തിൽ വിജയിക്കണം മാതാപിതാക്കളുടെ ആഗ്രഹം സാധിക്കണം എന്ന് അവൾ തീരുമാനിച്ചു .

ഏകാന്തമായ ജീവിതതിനുനിടയിൽ അവൾ നിലാവിനെ ഒരുപാട് സ്നേഹിച്ചിരുന്നു എന്നും അവൾ നിലാവിനെ നോക്കി ഇരിക്കുമായിരുന്നു . അവൾ കഷ്ടപ്പെട്ട് പഠിച്ചു . ഒരു ദിനം അവൾ ലോകം അറിയുന്ന ഡോക്ടറായി മാറി

അങ്ങനെ ഇരിക്കെ അവൾ നിലാവിനെയും നോക്കി ഇരുന്നു. എന്തെന്നില്ലാത്ത ഒരു പ്രഭയായിരുന്നു അന്ന് . അന്ന് ആ ന്ലാവ് അമ്മയെ പോലെ ശോഭിച്ചു

Deeshna Pradesh

9D



# മഹത് വചനങ്ങൾ



"വായന ചിന്തയുടെ ചക്രവാളം അനന്തമാക്കും
മാനവികതയെ ഉദ്ദേചിപ്പിക്കും . അറിവ്
വർദ്ധിപ്പിക്കും . നല്ല മനുഷ്യനാക്കും ഹൃദയം
ആർദ്രവമാക്കും"

"ഒരു നല്ല പുസ്തകം നൂറ് നല്ല കൂട്ടുകാർക്ക്
സമാനമാണ് . എന്നാൽ ഒരു നല്ല സുഹൃത്ത് ഒരു
നല്ല ഗ്രന്ധശാലയ്ക്ക് തുല്യമാണ് "

"ശരീരത്തിന് വ്യായാമം എങ്ങനയോ
അതുപോലെയാണ് വായന മനസ്സിന് "

Jewel Jormy
9D

# ചക്കര മക്കളെ,

സ്നേഹമുള്ള മക്കളെ നിങ്ങൾക്ക് സുഖമല്ലേ ? ഞങ്ങൾ ഈ ഭൂമിയിലെ ജീവിതത്തിൽ നിന്നും ഒരു മലവെള്ളപ്പാച്ചിലിലൂടെ നമ്മുടെ ജീവിതം ചിതറിപ്പോയ ആ ദിവസം നിങ്ങൾ ഓർക്കുന്നുണ്ടോ ? ഇന്നാണ് ആ ദിനം. നമ്മുടെ സന്തുഷ്ടജീവിതത്തെ നിങ്ങൾ ഓർക്കുന്നുണ്ടോ ? ഒരു മലവെള്ളപ്പാച്ചിലിലൂടെ നമ്മളേ എല്ലാം തട്ടിത്തെറിപ്പിച്ചില്ലേ ? . പോന്നു മക്കളെ കഷ്ടപ്പാടു നിറഞ്ഞ ഈ ജീവിതം നമ്മുടെ മക്കൾക്കു വേണ്ടി ആണല്ലോ

എന്ന് ഓർക്കുമ്പോൾ . ഞങ്ങൾക്ക് ഇത്തിരി ആശ്വാസം ഉണ്ട് . എങ്കിലും എന്താ ചെയ്യുക . മകനേ മകളേ ഞങ്ങൾ സ്വർഗ്ഗത്തിൽ നിങ്ങളുടെ ദുഃഖങ്ങളും സങ്കടങ്ങളും പരിഭവങ്ങളും പരാതികളും എല്ലാം കാണുന്നുണ്ട് . ഞങ്ങളുടെ പോന്നു മക്കളെ നിങ്ങളുടെ കുട്ടിത്തം നിറഞ്ഞ ശൈശവ കാലങ്ങൾ ഞങ്ങളുടെ മനസ്സിൽ ഒരു വേദനയായി മാറുന്നു എങ്കിലും ---അടുത്ത ഒരു ജന്മമുണ്ടെങ്കിൽ മക്കളേ

ചക്കരയുമ്മ

NIYA BENNY
9D



# പുഴ

ചില നേരമിങ്ങനെ
ഏറെ നിശബ്ദമായി
പുലരിയെ കണ്ണടച്ചേറ്റുവാങ്ങീടണം

ചില നേരമാ ഗാഢ
മൗനവും നീലിച്ച
നിലാവിന്റെ പൂക്കളും
ചേർത്തുവച്ചീടണം

അതുപോൽ നിരർത്ഥക
മെങ്കിലും കൂരിരുൾ
കുത്തിയൊലിച്ചുപോയ്
മടുക്കാതീപ്പുഴ

ALBITTO SHIMS

9D



# പഴംചോല്ലുകൾ

അടി തെറ്റിയാൽ ആനയും വീഴും

അട്ടയെ പിടിച്ച് മെത്തയി കിടത്തിയാൽ  അത് കിടക്കുമോ

അണ്ണാൻ കുഞ്ഞും തന്നാൽ ആയത്

അരിയെറിഞ്ഞാൽ ആയിരം കാക്ക

ആന കൊടുത്താലും ആശ കൊടുക്കരുത്

ഒരു വെടിക്ക് രണ്ടു പക്ഷി

ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പേ എറിയണം

അധികമായാൽ അമൃതും വിഷം

ചൊട്ടയിലെ ശീലം ചുടല വരെ

വിത്തുഗുണം പത്തുഗുണം

പുകഞ്ഞ കൊള്ളി പുറത്ത്

ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽതന്നെ

മുളയിലെറിയാം വിള

കടന്നൽക്കൂട്ടിൽ കല്ലെറിയരുത്

എഴുതാപ്പുറം വായിക്കരുത്

എന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്

ഒന്നേ ഉള്ളുവെങ്കിൽ ഓലയ്ക്ക് കോണ്ടിടണം



SAIRA S BAKER

9C

# അമ്മ

ഒരു
നിലവിളിക്കുചോലകതാരിലെപ്പോഴ
ും
തെളിയുന്നോരോരമ്മയാണമ്മ
ഒരു കണിക്കൊന്നപോൽ
ഓർമ്മതൻ ചില്ലയിൽ
പുഞ്ചിരിപൊഴിക്കയാണമ്മ

നന്മയുടെ പാഠങ്ങൾ ചോല്ലി
പഠിപ്പിച്ച
ഗുരുനാഥയാണെനിക്കമ്മ
കുസൃതികൾക്കെപ്പോഴും
പരിധികൾ വരച്ചിട്ടാ
കാവലാളായിരുന്നമ്മ

സഹജരുടെ സങ്കടം
നെഞ്ചിലേറ്റുരുകുന്ന
മെഴുകുതിരിയാണെന്നമ്മ
വലതു കൈ ചെയ്യുന്ന തിടതു
കരമോറിയാതെ നന്മകൾ
വിളയിച്ചോരമ്മ

അക്ഷരക്കൂട്ടു ചേർത്താദ്യം
മൊഴിഞ്ഞത് അമ്മ
എന്നായ്രുന്നല്ലോ
ജീവിതാന്ത്യത്തിലെ
അവസാനശബ്ദവും
അമ്മയെന്നല്ലാതെയാമോ

ഇനിയുമൊരു
ജന്മമുണ്ടെങ്കിലായമ്മതൻ
മകനായി പിറപ്പതേ പുണ്യം
ഇനിയുമൊരു ജന്മമുണ്ടെങ്കിലി
മലയാള
മണ്ണിൽപിറക്കില്ലേ ധന്യം



**MERLIN JOMON**



# യാത്ര വിവരണം

ഞാൻ തമിഴ് നാട്ടിൽ പോയപ്പോൾ എന്റെ
അമ്മ അവധിക്ക്  വന്നപ്പോൾ
ഞാൻ വളരെ സന്തോഷത്തിൽ
ആയിരുന്നു അതിന്റെ ഭാഗമായി ഞങ്ങൾ
കുറേ കാര്യങ്ങൾ കണ്ടു  . അവിടെ
പോയപ്പോൾ ഗ്രാമങ്ങൾ ഏറെ ഭംഗി
ആയിരുന്നു
അവിടെ നല്ല വഴികളാണ് എല്ലാം വളരെ
മനോഹരമായിരുന്നു അവിടുത്തെ
ഭക്ഷണങ്ങൾ . വളരെ
സ്വാധേറിയതായിരുന്നു

**ADON JOMON**

**9D**

# കുമാരനാശാൻ



മഹാകവി കുമാരനാശാൻ ഏപ്രിൽ 12 1871 ൽ ജനിച്ചു . മലയാള സാഹിത്യത്തിലെ ഒരു കവിയും , ഇന്ത്യൻ സാമൂഹികപരിഷ്കർത്താവും തത്വചിന്തകനുമായിരുന്നു . ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ മലയാള കവിതയിൽ ഒരു വിപ്ലവം സൃഷ്ടിച്ചതായി അറിയപ്പെടുന്നു . അത് മെറ്റാഫിസിക്കൽ മുതൽ ഗാനരചന വരെ പരിവർത്തനം ചെയ്തു . അദ്ദേഹത്തിന്റെ കവിത അതിന്റെ ധാർമ്മികവും ആത്മീയവുമായ ഉള്ളടക്കം , കാവ്യാത്മക ഏകാന്തത , നാടകീയമീയ സന്ദർഭവൽക്കരണം എന്നിവയാൽ സവിശേഷമാണ് . കേരളത്തിലെ ത്രിമൂർത്തി കവിതകളിൽ ഒരാളും ശ്രീ നാരായണ ഗുരുവിന്രെ ശിഷ്യനുമാണ് അദ്ദേഹം . 1922 ൽ മദ്രാസ്സ് സവ്വകലാശാല അദ്ദേഹത്തിന് മഹാകവി എന്നർത്ഥം വരുന്ന മഹാകവി എന്ന ഉപസർഗ്ഗം നൽകി . അദ്ദേഹത്തിന്റെ പ്രദാന കൃതികൾ . വീണപൂവ് , ദുരവസ്ഥ, നളിനി, ലീല , ചണ്ഡാല ഭിക്ഷുകി , പ്രരോധനം . 12



# ഞണ്ടിന്റെയും തിരമാലയുടെയും സൗഹൃദം

ഒരു ദിവസം ഒരു ഞണ്ട് ബീച്ചിലൂടെ സന്തോഷമായി നടന്നു പോവുകയായിരുന്നു . ഈ സന്തോഷത്തിന്റെ പ്രധാന കാരണം ഞണ്ട് നടക്കുമ്പോൾ ഞണ്ടിന്റെ കാൽപ്പാദം ഓരോ അടയാളങ്ങൾ ഉണ്ടാക്കുന്നു. ആ അടയാളങ്ങൾ കണ്ടിത്താണ് ഞണ്ട് സന്തോഷിക്കുന്നത് .

ഇങ്ങനെ സന്തോഷ്ക്കുമ്പോഴാണ് തിരമാല വരുന്നത് . ആ തിരമാല വന്നിട്ട് ഞണ്ട് ഉണ്ടാക്കിയ അടയാളങ്ങൾ എല്ലാം മായിച്ചുകളയുകയാണ് . അപ്പോൾ ഞണ്ട് ചോദിച്ചു . ഞാൻ നിന്നെ ഒരു സുഹൃത്തായിട്ടല്ലേ കാണുന്നത് എന്നിട്ട് നീ എന്തു പണിയാണ് കാണിക്കുന്നത് .

അപ്പോൾ ആ തിരമാല ഞണ്ടിനോട് പറഞ്ഞു . അതാ മത്സ്യതൊഴിലാണികൾ വരുന്നുണ്ട് . നിന്റെ ഈ കാൽപാതം കണ്ടിട്ട് നിന്നെ ചിലപ്പോൾ അവർ പിടിച്ചുകൊണ്ടുപോകും . അതുകൊണ്ടാണ് ഞാൻ അതു മായിച്ചു കണയുന്നത് അപ്പോഴാണ് ഞണ്ട് തന്റെ യാഥാർഥ്യം അറിഞ്ഞത്.

ഇതുപോലെ തന്നെയാണ് നമ്മുടെ ജീവിതത്തിലെ പല കാര്യങ്ങളും കാര്യം അറിയാതെ നാം ആരോടും ദേഷ്യപ്പെടരുത് .



AKSHAYA
IX C

# പെൺകുട്ടിയും അവളുടെ വിശ്വസ്ത പൂച്ചക്കുട്ടിയും

പട്ടണത്തിന്റെ പ്രാന്തപ്രദേശത്തുള്ള ഒരു സുഗപ്രധമായ ചെറിയ വീട്ടിൽ ഒറ്റക്ക് താമസിച്ചിരുന്ന ഒരു ലജ്ജാശീലയായ പെൺകുട്ടിയായിരുന്നു ലില്ലി . ഒരു ദിവസം അയൽപക്കത്ത് പര്യവേഷണം നടത്തുന്നതിനിടയിൽ , ഒരു കുറ്റിക്കാട്ടിനുപിന്നിൽ ഒളിച്ചിരിക്കുന്ന ഒരു പൂച്ചക്കുട്ടിയെ അവൾ കണ്ടു . പൂച്ചക്കുട്ടിയുടെ രോമങ്ങൾ മൃദുവും ആയിരുന്നു . അതിന്റെ പച്ച കണ്ണുകൾ കൗതുകത്താൽ തിളങ്ങി . ലില്ലി ഉടനെ തന്നെ പൂച്ചക്കുട്ടിയെ സ്നേഹത്തോടെ വീട്ടിലേക്ക് കൊണ്ടുപോകാൻ തീരുമാനിച്ചു . അവൾ അതിന് ലക്കി എന്ന് പേരിട്ടു . സ്നേഹവും ശ്രദ്ധയും നൽകി . ദിവസങ്ങൾ കടന്നുപോകുംതോറും അവളും ലക്കിയും വേർപിരിയാത്തവരായി മാറി വർ മണിക്കൂറുകളോളം കളിച്ചും , കെട്ടിപ്പിടിച്ചും , പുറംലോകം ചുറ്റിനടന്നും ചെലവഴിക്കുമായിരുന്നു .

ലക്കി ലില്ലിയുടെ പുതിയ ഒരു മുഖം പുറത്തുകൊണ്ടുവന്നു അയൽക്കാരുമായി സൗഹൃദം സ്ഥാപിക്കാനും മനസ്സ് തുറക്കാനും അവൾക്കു കഴിഞ്ഞു . ലക്കി എത്രമനോഹരിയാണെന്നും ലില്ലിയുടെ ജീവിതത്തിൽ അവൾ എത്രമാത്രം സന്തോഷം കൊണ്ടുവന്നെന്നും അവർ പലപ്പോഴും പറയുമായിരുന്നു

മഴയുള്ള ഒരു ഉച്ചകഴിഞ്ഞ് ലില്ലിക്ക് വിഷമം തോന്നി . ലക്കിക്ക് അവളുടെ സങ്കടം മനസ്സിലായി . പൂച്ച അവളുടെ അരികിൽ ചുണ്ടുകൂടി മൃദുവായി മുരുളുന്നുണ്ടായിരുന്നു ലില്ലിക്ക് നെഞ്ചിലൂടെ ഒരു ചൂട് പടർന്നതായി തോന്നി . ലക്കി വെറുമൊരു വളർത്തുമൃഗമല്ലെന്നു അവൾ മനസ്സിലാക്കി .അവൾ ഒരു യഥാർത്ഥ സുഹൃത്തായിരുന്നു .

ആ ദിവസം

മുതൽ ലില്ലിയും ലക്കിയും വെറും കൂട്ടാളികൾ എന്നതിൽ ഉപരി അവർ ഒരു കുടുംബമായിരുന്നു . അവളുടെ ജീവിതം തന്നെയാണ് ലക്കി മാറ്റിയത് സന്തോഷം ഇല്ലാതിരുന്ന ജീവിതം സന്തോഷമാക്കി മാറ്റിക്കൊടുത്തു ലക്കി . ലില്ലിക്ക് മറക്കാൻ പറ്റാത്ത നിമിഷങ്ങൾ വന്നത് ലക്കി വന്നപ്പോൾ ആണ് . സൂര്യാസ്തമയം കണ്ട് പൂമുഖത്ത് ഒരുമിച്ച് ഇരിക്കുമ്പോൾ സന്തോഷകരമായ കാര്യങ്ങൾ ഓർത്തും ജീവിതകീലം മുഴുവൻ നിലനിൽക്കുന്ന ഒരു സ്നേഹം താൻ കണ്ടെത്തിയെന്ന് ലില്ലിക്ക് മനസ്സിലായി അങ്ങനെ ഇപ്പോൾ സന്തോഷമായി ജീവിക്കുന്നു . സന്തോഷങ്ങൾ വരാനുള്ള കാരണം ആ ലക്കിയാണ്

ASIYA SIYATH

# സൗഹൃദം

ഒരു ഗ്രാമത്തിൽ രണ്ടു സുഹൃത്തുക്കളുണ്ടായിരുന്നു . അവർ ഒരേ
പ്രായമായിരുന്നു . ഒരാളുടെ പേര് അമ്മു ഒരാളുടെ പേര് ചിന്നു .
അവർ ഒരു ക്ലാസ്സിലായിരുന്നു പഠിച്ചത് . അവർ കുഞ്ഞുനാൾ
മുതൽ മുതലേ ഒന്നിച്ചായിരുന്നു . എന്നാൽ ഒരു ദിവസം
അവരുടെ ക്ലാസ്സിൽ പുതിയതായി ഒരു കുട്ടി വന്നു അവളുടെ പേര്
പൊന്നു എന്ന് ആയിരുന്നു . പൊന്നുവും അമ്മുവും നല്ല
കൂട്ടുകാരായിരുന്നു . കുറച്ചു നാൾ കഴിഞ്ഞപ്പോൾ അമ്മു ചിന്നുവിനെ
ശ്രദ്ധിക്കാതെയും സംസാരിക്കാതെയും എപ്പോഴും പൊന്നുവിന്റെ
കൂടെ പോവുകയും ചെയ്തു അത് ചിന്നുവിന് സഹിക്കാൻ കഴിഞ്ഞില്ല .
അവൾ ഒരുപാട് ദുഃഖിതയായ എന്നാൽ അമ്മു ഇതൊന്നും
ശ്രദ്ധിക്കാതെപോന്നുവിന്റെ കൂടെ നടന്നു ഒരു ദിവസം പൊന്നു
ക്ലാസ്സിൽ വന്നില്ല ആ ദിവസം അമ്മുവിന് കൂട്ടുകൂടാൻ
ആരുമില്ലായിരുന്നു എന്നാ. ചിന്നുവിന് ഒരുപാട്
കൂട്ടുകാരുണ്ടായിരുന്നു അവരാരും അമ്മുവിനെ കൂടെക്കൂട്ടിയില്ല
അപ്പോൾ അമ്മുവിന് ഒരുപാട് സങ്കടമായി അപ്പോൾ ചിന്നു
അമ്മുവിനോട് കൂട്ടുകൂടി . അപ്പോൾ അമ്മു ചിന്നുവിനെ മനസ്സിലാക്കി .
പിന്നീട് വീണ്ടും അവർ സുഹൃത്തുക്കളായി

alona manoj



# THE VALUE OF MONEY

A POPULAR SPEAKER STARTED OF A SEMINAR BY HOLDING UP A $20 BILL. A CROWD OF 200 HAD GATHERED TO HEAR HIM SPEAKER . HE ASKED , WHO WOULD LIKE HIS $ 20 BILL ? 200 HANDS WENT UP

HE SAID , I AM GOING TO GIVE THIS $ 20 TO ONE OF YOU BUT FIRST , LET ME DO THIS . HE CRUMPLED THE BILL UP . HE THEN ASKED , WHO STILL WANTS IT ?

ALL 200 HANDS WERE STILL RAISED .

WELL, HE REPLIED , WHAT IF | I DO THIS ? THEN HE DROPPED THE BILL ON THE GROUND AND STOMPED ON IT WITH HIS SHOES .

HE PICKED IT UP , AND SHOWED IT TO THE CROWD . THE BILL WAS ALL CRUMPLED AND DIRTY

NOW WHO STILL WANT IT ?

ALL THE HANDS STILL WENT UP .

MY FRIENDS , I HAVE JUST SHOWED YOU A VERY IMPORTANT LESSON .

NO MATTER WHAT I DID TO THE MONEY , YOU STILL WANTED IT BECAUSE IT DID NOT DECREASE IN VALUE . IT WAS STILL WORTH $ 20 . MANY TIMES IN OUR LIVES LIFE CRUMPLES US AND GRINDS US INTO THE DIRT . WE MAKE BAD DECISIONS OR DEAL WITH POOR CIRCUMSTANCES . WE FEEL WORTHLESS BUT NO MATTER WHAT HAS HAPPENED OR WHAT WILL HAPPEN , YOU WILL NEVER LOSE YOUR VALUE

YOUR SPECIAL – DON,T EVER FORGET IT !

THE END

MARIYA ROY
9D

# A small story will change your life

**A** boy and a girl were playing together. The boy had a collection of marbles .The girl had some sweets with her .The boy told the girl that he will give his all marbles in exchange of her sweets. The girl agreed. The boy kept

his big and most beautiful marble aside a test to the girl .The girl gave him all her sweets as she had promised .That might the girl slept peacefully. But the boy couldn't sleep as he kept wondering that she had hidden from him away as he hide his best marbles

## Moral of the story:

If you don't give your 100% that might be your fault….

ADITHYAN S
9C



# കാതലായ ചിറകുകൾ

അഭ്രപാളികളിൽ തിമർക്കുന്ന രാജ്യം
ലുണൊരിയയിൽ, തുത്തുറച്ചുകൾ മനുഷ്യരുട
ഹൃജ്ജദയങ്ങൾ തമ്മിൽ തസന്ദേശങ്ങൾ എത്തിച്ചു-
കൊണ്ടിരുന്നു. ഒരൊരുത്തർക്കും അവരുടെ
ആത്മാവുമായി ബന്ധമുണ്ടായിരുന്നത് ഒരൊറ്റ
തുത്തുറച്ചിയായിരുന്നു. പക്ഷേ അനാഥയായ
നിവയ്ക്ക് ഒന്നുമില്ലായിരുന്നു.

ഒരു രാത്രിയിൽ, കറുത്ത ഒരു തിളങ്ങുന്ന തുത്തു-
-റച്ചി അവളുടെ കൈയിൽ ഇരിഞ്ഞു. എല്ലാവരും
അതിനെഭയപ്പെട്ടങ്കലും, നിവ അതനെ വിശ്വസിച്ചു.
അത് നയിച്ച വഴി പിന്തുടർന്ന് , അവൾ മറവായ ഒരു
ലോകം കണ്ടെത്തി-വിണ്ടുപോയ സ്വപ്നങ്ങളുടെയും
തുത്തുറച്ചകളുടെയുനാട്.

താളം കേട്ടുപോയ ലോകത്ത്, നിവ ഒരു പഴയ
പ്രതീക്ഷയുടെ പാട് പാടിത്തുടങ്ങി.
തുത്തുറച്ചികൾ ഉണർന്നു. ആകാശം നിറം നേടി.

നിവ ' സ്വപ്നസംരക്ഷിക' ആയി,
മൗനം കോണ്ടിരിക്കുന്ന ചിറകുകൾ വീണ്ടും
സംസാരിക്കാൻ സഹായിച്ചവളായി മാറി.

Sankirthana Grace
9C

# അയാൾ കീരയുന്നു.

കേരളത്തിലെ ഒരു കൊച്ചു കുടുംബം.മുഹമ്മദും ഭാര്യയും മക്കളും അടങ്ങുന്ന ഒരു കോച്ചുകുടുംബം.മക്കൾ ആയിഷ പഠിച്ച് വലിയ ഡോക്ടർ ആയി ഇപ്പോൾ വിദേശത്താണ്.മകൻ രാഹുൽ ഒരു കമ്പിനി മാനേജർ ആണ്.രണ്ടു മക്കളേയും പഠിപ്പിച്ച് വലിയ നിലയിൽ എത്തിച്ചു.അവർ വിദേശത്തിൽ താമസിച്ചിട്ട് 5 വർഷം ആകുന്നു.ഭാര്യ മരിച്ചിട്ട് 2 വർഷമാകുന്നു.എല്ലാംകൊണ്ടും മുഹമ്മദ് ഇപ്പോൾ ഒറ്റക്കാണ് ഭാര്യ മരിച്ചിട്ട് ഭാര്യയുടെ കർമ്മങ്ങൾക്ക് പോലും മകൾ എത്തിയില്ല.വിദേശത്തോട്ട് യാത്ര പോയതിൽ പിന്നേ നാട്ടിലേക്ക് വന്നിട്ടില്ല.ഓരോ ദിവസവും മുഹമ്മദ് തന്റെ വിശമങ്ങളും ദുഃങ്ങളും കടിച്ച് അമർത്തിയാണ് ജീവിക്കുന്നത്.തന്റെ ഫോൺ കൊണ്ടും തപർന്ന് ഇരിക്കുന്നതു കൊണ്ട് അത് ശരിയാക്കാലുള്ള ഗതിപ്പോലും അയാൾക്കില്ല.തന്റെ കൈയില്ലുള്ള പണം എല്ലാം ക്രൂടിവച്ച് കടയിൽ കോണ്ട് കൊടുത്തിട്ട് ഫോൺ ശരിയാക്കാൻ പറഞ്ഞു.ഫോൺ നോക്കി കടക്കാരൻ പറഞ്ഞു, ഇതിന് ഒരു കുഴപ്പവുമില്ല പിനെ എന്തിനാണ് ഇത് കൊണ്ടുവന്നത്? എന്ന് ചോദിച്ചു. കേട്ടപോൾ ചങ്ക് ഒരു പിടഞ്ഞ് കൊണ്ട് അയാൾ ചോദിച്ചു എന്നിട്ട് എന്തുകൊണ്ടാണ് എന്റെ മകൾ എനെ വിളിക്കാത്തത്.ഉത്തരം മുട്ടിപോയ കടകാരൻ നിറഞ്ഞ കണ്ണുകൾ കൊണ്ട് പറഞ്ഞു മക്കൾ മനപ്പൂർവ്വം വിളിക്കാത്തതാണ്.അപോൾ മുഹമ്മദിന് മനസ്സിലായി കുഴപ്പം ഫോണിന്റെതല്ല മക്കളുടേകോണെന്ന്.കടക്കാരന്റെ മുന്നിൽ ഉത്തരം മുട്ടിപോയ മുഹമ്മദിന്റെ നിമിഷമായിരുന്നു അത്.കടക്കാരൻ മക്കളുടെ നമ്പർ വാങ്ങി വിളിച്ചു.അപ്പോൾ മകൾ ഫോൺ എടുത്തിരുന്നു.മക്കളുടെയും പേരക്കുട്ടികളുടെയും ശബ്ദം കേട്ടപ്പോൾ സന്തോഷത്തിന്റെ നിറഞ്ഞ കണ്ണുകൾ കൊണ്ട് ആയാൾ ഒരു നിമിശം

നിന്നും പോയി.ഒന്നും ഉച്ചരിക്കാനുള്ള പ്രപ്ത്തിയിൽ അയാൾ അതും ഒന്നും മിണ്ടാത്തതിനാൽ മകൾ ഫോൺ വക്കുകയും അയാൾ മോളെ എന്ന് വിളിക്കുകയും ചേയ്തു.എന്താണ് തന്റെ മകൾ ഒന്നും മിണ്ടാതത് എന്ന് മുഹമ്മദ് കടക്കാരനോട് ചോദിച്ചപ്പോൾ ഫോൺ നിന്ന് പോയതാണ് എന്ന് പറഞ്ഞു.മുഹമ്മദിന് പറയാൻ വാക്കുകൾ ഇല്ലായിരുന്നു.അയാൾ എങ്ങോട്ട് എന്ന് ഇലാതെ നടന്നു. ഒരു തെരുവിൽ ചെന്നിരുന്നു.ആ നിമിശം നമ്മുക്ക് മനസ്സിലാക്കാം.മുഹമ്മദിന് കിടന്ന് ഉറങ്ങാൻ ഒരിടം പോലും ഇലായിരുന്നു.താൻ തന്റെ മുമ്പിൽ വെച്ചിരുന്ന പെട്ടിയിൽ ഒരു കൊച്ചു കുഞ്ഞു വന്ന് രണ്ട് ര്രൂപ തുട്ട് ഇട്ടപ്പോൾ തന്റെ പേരക്കുട്ടികളും ഇതുപോലെ ആയിരിക്കും എന്ന് മുഹമ്മദ് ചിന്തിച്ചു. തന്റെ പേരക്കുട്ടികൾ സ്വന്തം മാത്രഭാഷ ആരിയാതെയ്ണൊ വളരുന്നതെന്നു ഒരു നിമിഷം ചിന്തിച്ചു.ചിന്തിച്ചു തെരുവിൽ ഇരുന്നു കരഞ്ഞുകൊണ്ടിരുന്നു മുഹമ്മെദ് ആ കുട്ടിയെ ഒന്നു തൊടാൻ ചെന്നപ്പോൾ ആ കുട്ടിയുടെ അമ്മ "ഛോ പോ"എന്നു പറഞ്ഞു.അമ്മക്ക് അയാളുടെ നെഞ്ചിൽ കൊണ്ടു.എന്നാൽ അവർ അതും ചിന്തിക്കുന്നില്ല,തന്നും ഒരു താൾ അവരെ പോലെ ഇരുന്നു എന്ന് ചിന്തിക്കുന്നില്ല.രാത്രിയിലെ തണുപ്പും, പുതക്കാൻ ഒരു തുണിപ്പോലും ഇല്ലായിരുന്നു അയ്ൾക്ക്.അങ്ങനെ ആ രാത്രിയിൽ അയാൾ ഒരു അച്ചൻ എന്ന നിലയിൽ താൻ ജീവിതത്തിൽ ഒരു തോൽവിയായില്ല,മറിച്ച് തന്റെ മക്കൾ,മക്കൾ എന്ന നിലയിൽ തോറ്റു എന്നോർത്ത് അയാൾ മണ്ണിൽ പതിക്കുന്നു.

By: Devapriya Pradeep
9 C



# കുരങ്ങന്റെ ഹൃദയം

ഒരു വലിയ കാട്ടിൽ പുഴയരികിൽ അത്തിമരത്തിലാണ് ചങ്ങാതിമാരായ വാലൻ കുരങ്ങനും അണ്ണാൻ കുഞ്ഞും താമസിച്ചിരുന്നത് ഒരു ദിവസം അവരെ കാട്ടിലെ വാഴപ്പഴങ്ങൾ എടുക്കാൻ പോയപ്പോൾ കൗശലക്കാരനായ കുറുക്കനെ കണ്ടുമുട്ടുന്നു അവൻ ഇവരോട് എവിടെ പോവുകയാണെന്ന് ചോദിച്ചു അവർ വാഴപ്പഴങ്ങൾ എടുക്കാൻ പേവുകയാണെന്ന് കേട്ടപ്പോൾ കുറുക്കനും അവരുടെ കൂടെ പോവുന്നു എന്നാൽ കറുക്കൻ വാഴപ്പഴങ്ങൾ എടുക്കാൻ അല്ല അവരുടെ കൂടെ പോയത് അവൻ അതിനടുത്തുള്ള ഗ്രാമത്തിലെ കോഴിയെ പിടിക്കാനാണ് അവരുടെ കൂടെ പോയതിന്റെ കാരണം അവന് വാഴ തോട്ടത്തിൽ പഴങ്ങൾ ഇല്ല എന്ന കാര്യം അറിയാമായിരുന്നു അങ്ങനെ അവർ അവിടെ എത്തിയപ്പോൾ പഴം ഇല്ലത്തത് കണ്ട് തുറുക്കൻ ഗ്രാമത്തിൽ വാഴത്തട്ടമുണ്ടന്ന് പറഞ്ഞ് അവരെ കൂട്ടികൊണ്ട പോകുന്നു അവിടത്തെ ഉടമസ്ഥൻ സൗജന്യമായി വാഴപ്പഴങ്ങൾ നൻകുണമെന്നും കുറുക്കൻ അവരോട് പറയുന്നു കുറുക്കന്റെ വാക്ക് വിശ്വസിച്ച് അവർ അവന്റെ ഒപ്പം ഗ്രാമത്തിൽ ചെല്ലുന്നു ആ സമയം തോട്ടത്തിന്റെ ഉടമസ്ഥൻ അവിടെ ഇല്ലായിരുന്നു അപ്പോൾ കുറുക്കൻ പറഞ്ഞു സൗജന്യമായി കോടുക്കുകയല്ലേ അപ്പോൾ രണ്ടു പഴം എടുത്താൽ എന്താപ്രശനം ഇത് കേട്ട് ശരിയാണലൊ എന്ന് പറഞ്ഞ് അവർ പഴങ്ങൾ പറിക്കുന്നു ഈ നേരംകൊണ്ട് കുറുക്കൻ തുറന്ന് വിടുന്ന കോഴികളിൽ രണ്ടണത്തിനെ പിടിച്ചു തിനന്ന ഒച്ച കേട്ട് അയൽവക്കത്തുള്ള

അമ്മൂമ്മ പുറത്തിറങ്ങി നോക്കുമ്പോൾ പഴങ്ങളുമായി നിൽക്കുന്ന കുരങ്ങനേയും കൂടെയുള്ള അണ്ണാന്റെ കൈയിൽ കുറച്ചു തൂവലും കണ്ടു അപ്പോൾ തന്നെ കുറുക്കൻ സ്ഥലം വിട്ടിരുന്നു അണ്ണാൻ മുറ്റത്തു കിടന്ന തൂവലുകൾ ഇഷ്ട്ടപ്പെട്ട് പിറക്കിയതാണ് എന്നാൽ അമ്മൂമ്മ അണ്ണാനും

കുരങ്ങനും കോഴിയെ എടുത്തു എന്നു കരുതിയിരിക്കും ഇതൊന്നും അറിയാതെ കുറുക്കനെ തപ്പി അവർ അവിടെ മുഴുവനം നടന്നു അപ്പോഴേക്കും കാട്ടിൽ വിറക് പെറുക്കാൻ പോയ തോട്ടത്തിന്റെ ഉടമസ്ഥൻ ഇത് കാണുന്നു അവർ അവരെ കൈയോടെ പിടിക്കുന്നു എന്നാൽ അവർ എടുത്തട്ടില്ല എന്ന് പറഞ്ഞിട്ടും ഗ്രാമത്തിന്റെ ആളുകൾ അത് വിശ്വസിക്കുന്നില്ല.എന്നാൽ ഗ്രമത്തിന്റെ തലവൻ അണ്ണാനം കുരങ്ങനും എങ്ങനെ എരു കോഴിയെ കഴിക്കുമെന്ന് പറഞ്ഞ് അവർക്ക് ഒരു അവസരം കൊടുക്കുന്നു അവർ അപ്പോൾ കുറുകനെ കുറിച്ച് ഓർക്കുന്നു . ആ സംഷയം വന്നപ്പോൾ അവർ വന്ന വഴിയിൽ കുറുക്കന്റെ കാൽപ്പാടും കോഴിയുടെ അവശിഷ്ട്ങ്ങൾ കാണുന്നു അങ്ങനെ അവർ പിൻതുടർന്ന് പോകുമ്പോൾ കുറുക്കന്റെ വീട് കണ്ടെത്തുന്നു അവിടെ കോഴിയുടെ അവഷിടങ്ങൾ കാണുന്നു ഇത് കൂടെയുള്ള ഗ്രാമത്തിലെ ആളുകളും കാണുന്നു ഇങ്ങനെ അവർ അവരുടെ നിരപരാധിത്ത്യം മനസ്സിലാക്കുകയും അവരെ തിരിച്ച് കാട്ടിലേക്ക് വിടുകയും കുറുക്കനെ പിടിച്ച് കെട്ടിയിടുകയും ചെയ്യുന്നു അങ്ങനെ അവർക്ക് സൗജന്യമായി പഴവും കിട്ടി തിരിച്ച് അത്തിമരത്തിൽ തന്നെ പോകുന്നു.

ANANYA SAJI

# മഹത് വചനങ്ങൾ

* “ നൂറു പേർക്ക് ഭക്ഷണം നൽകാൻ നിങ്ങൾക്ക് കഴിയില്ലായിരിക്കാം . എന്നാൽ ഒരാൾക്കെങ്കിലും ഭക്ഷണം നൽകുക”.

–മദർ തെരേസ

* “ വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല. അത് പ്രതിസന്ധിക്കളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ് “

–മഹാത്മാഗാന്ധി

* “ഉണരുക എഴുന്നേൻക്കുക ലക്ഷ്യപ്രാപ്തി വരെ പ്രയത്നിക്കുക“

–സ്വാമി വിവേകാനന്ദൻ

* “ഒരാൾ വാങ്ങുന്ന ശമ്പളമോ ധരിക്കുന്ന വസ്ത്രമോ പാർക്കുന്ന ഭവനമോ അല്ല അയാളുടെ യോഗ്യനിശ്ചയിക്കുന്നത്.“

–ജവാഹർലാൽ നെഹ്റു

* “ആദ്യ പരാജയം അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത് . കാരണം വിജയകരമായ കണക്ക പോലും തുടങ്ങുന്നത് സിറോയിൽ നിന്നാണ് “

–ഡോ.എ.പി.ജെ അബ്ദുൽകലം

* “ചിന്തയാണ് നമ്മെ രൂപപ്പെടുത്തുന്നത് നമുക്ക് വില നിശ്ചയിക്കുന്നത് അതുതന്നെ“

–ശ്രീബുദ്ധൻ

* “വളരെധികം ചിന്തിക്കുക കുറച്ചുമാത്രം സംസാരിക്കുക അതുലും കുറച്ച് എഴുതുക കാരണം എഴുതുന്നത് പല തലമുറകളോളം രേഖയായിരിക്കും.“

–എബ്രഹാം ലിങ്കൺ

* “ചെയ്യാവുന്നതിൽ നല്ലതിനു ചെയ്യുക നാളെ അതിലും മെച്ചമായത് ചെയ്യും.“

–സർ ഐസക് ന്യൂട്ടൻ

* “ഞാൻ ഭാവിയെ പറ്റി ചിന്തിക്കാറില്ല അത് അത്ര വേഗം വന്നെത്തുന്നു.“

–ആൽബർട്ട് ഐൻസ്റ്റീൻ

* “ഒരാശയവും ചങ്ങാതിയും ഒരു പോലെയാണ് രണ്ടും നമുക്ക് പ്രതിക്ഷ തരുന്നു“.

–ഷേക്സ്പിയർ

* “അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായി വരേണം.“



# അഗ്നി
# കുറുക്കുന്നു
# വഴി

അഗ്നിയിലേക്കു കടക്കേണമെൻ
അചഞ്ചലമായ് നീ പൊരുതി
നിൽക്കമനണം,
ചൂടിനും വേദനയ്ക്കും മിതേ
നിന്നതുകൊണ്ട് മാകുന്ന വിജയം!

പോകാത്ത വഴി പോകൂ,
പെയ്യാതത്ത് ചെയ്യു നോക്കു,
പക്ഷേ നന്മയുടെ വഴി മാത്രം
പിന്തുടരൂ- അതു തന്നെയാണ്
ജീവിതത്തിന്റെ പാഠം !

വള്ളത്തോൾ നാരായണമേനോൻ

**ANSA MARIYA thomas**
**9C**



# ജീവിതസാക്ഷി

അന്ന് നല്ല മഴയുള്ളയൊരു
രാത്രിയായിരുന്നു.അവിടെങ്ങും നിശബ്ദ തമാത്രമായിരുന്നു.ഒരു കുട്ടി
ജനാലയുടെ- യരികിൽ മൂകമായി നിൽക്കു.ആ കുട്ടി ഏ- തോ
ആലോചനയിൽ ആഴ്ന്നിറങ്ങി നി- ൽക്കയാണ്.അവൾക്കൊന്നും
കേൾക്കാ-
ൻ കഴിയുന്നില്ല.അവൾക്ക് ആ ചിന്തയിൾ
നിന്നും പുറത്തിറങ്ങാൻ കഴിഞ്ഞിരുന്നില്ല
അനക്കമില്ലത്ത ശരിരത്തിൽ അവളെ
ആശ്വസിപ്പിക്കുകയെന്ന വണ്ണം കണ്ണീരു-
ൾ കവിളിൽ തലോടി..."ഇല്ല...വരും"
അവൾ മനസ്സിൽ മന്ത്രിച്ചു...ഒരാളം കാറ്റ്
അവളുടെ മുടിയെ തലോടി"എന്നെ വിട്ടി-
ട്ടവർക്ക് പോകാൻ കഴിയില്ല...വരാമെന്ന്
പറഞ്ഞതല്ലേ വരും"അവൾ ആശ്വാസ-
ത്തോടെ കണ്ണുകൾ മിന്നിച്ചു....എങ്കിലും മ-
നസ്സി ഇരുട്ട് നിറഞ്ഞിരുന്നു.

മരത്തിൽ അവളെ പോലെ
ഒറ്റക്കിരിക്കിന്ന ഒരു കുരുവിയെ അവൾ ക-
ണ്ടു... അവളതിനെ തന്നെ മുകയായി നിന്നു
നോക്കി...മനസ്സിൽ നിന്നും വാക്കുകൾ പു-
റത്തേക്ക് വരുന്നില്ല..അവൾ അങ്ങനെ
നിശ്വലയായി നിൽക്കുകയാണ് മഴത്തു-
ള്ളികൾക്ക് എന്നോടൊന്നും പറയാനി-
ല്ലേ.അന്ന് നീയും അവരോടൊപ്പം പോ-
യതല്ലേ... എന്തിനാകുരുവിയെ ഇങ്ങനെ
നനയക്കുന്നത്...

ആ മഴയൊരു അസാധാരമ മഴയായിരുന്നില്ല ആ
കുട്ടിയുടെ ജീവിതം തന്നെയായിരുന്നു . അന്നും ഇന്നും മഴയുടെ
സാന്നിധ്യം അവൾക്കുണ്ടായിരുന്നു . പെട്ടന്ന് കുറച്ച് മഴത്തുള്ളികൾ
മാറുന്നതിന്റെ സഹായത്തോടെ അവളുടെ കണ്ണുകളെ തണുപ്പിച്ചു .
അവളുടെ ജീവിതത്തിലെ സാക്ഷിതന്നെയായിരുന്നു അത്....

siyona sarvy
9C



# The four trees

*once upon a time in a land not too far away , fou trees started to grow on top of a small hill*

*Three of the trees are very selfish , arrogant and proud trees always boasting how big and tall*

*they will become , teasing each other how they will forever . The fourth tree is all happy and*

*content , just to be a tree . As time passes the three proud and selfish trees spend all their*

*days growing as tall and impressive as they can , boasting each and everyday how wonderful*

*they will be . The forth tree listens but is all happy and content , just to be a tree .*

**Many years pass and the three trees all……….**

**Jerome joby**

**9D**



# Thought Of The Day

***1.Smile It will make you look better***

***2.Everyday is a new opportunity***

***3.life is a game,play it***

***4.education is the passport to the future***

***5.listen to many,speak to few***

OLIVIA MOL RAJEEV

**9 D**



# QUICK ANIMAL FACTS

## ASIAN PALM CIVET

The asian palm civet is the animal primarly known for eating coffe cherry and producing the beans using kopi luwak, alsoknown as civet coffee . These beans partially digested by the civet , are then collected from their droppings , cleaned then and  roasted to make the unique and expensive coffee . The civets digestive process  is belieaved to affect the flavor of the coffee reducing its acidity it mostly seen in south east asia





## KIWI BIRD

kiwi are unique,flight less birds netive to newzealand , known for their distincetive appearance and behaviars . They are relatively small ,with chicken like size and spending their days in burrows. Kiwis have a highly develouped sense of smell using host rills at the end of their long breaks to find food and they also have a strong foot for running and digging




nisa mathew

**9d**


By: Sneha Treesa Sebastian
Class : IX - D
Roll no : 42



ANN MARIA BIJU
IX D


Evlin Rose Abhilash
IX D


SAVE
ENVIRONMENT
GO GREEN




Name: Minna Rose santhosh
class : 9 C


Adithyan S
SPIDER-MAN
cheese!!


Angel Mariya Kurian



Angel Mariya Kurian


Ben 10




Adona Joseph


Nature
Is Very
Beautiful


Abin Babu
IX C 4